**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1066 — 30.09.2016-ൽ മറുപടിയ്ക്ക്

**കാണാതായ ജി. രത്തന്റെ സർവ്വീസ് ആനുകൂല്യങ്ങൾ**

**ചോദ്യം**

**ശ്രീ. ബി. സത്യൻ**

**ഉത്തരം**

**ശ്രീ. കെ.ടി. ജലീൽ**

**(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| ക്രമ നമ്പർ | ചോദ്യം | ക്രമ നമ്പർ | ഉത്തരം |
|---|---|---|---|
| (എ) | മീനച്ചിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കേ 1996 മുതൽ കാണാതായ ശ്രീ. ജി. രത്തന്റെ സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി മാതാവ് ശ്രീമതി. ജി. ആനന്ദവല്ലി സമർപ്പിച്ച അപേക്ഷ പ്രകാരം സെക്രട്ടേറിയറ്റിൽ ഉള്ള 34/EPB2/2016/LSGD എന്ന ഫയലിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) | കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെ 1996 മുതൽ കാണാതായ ശ്രീ. ജി. രത്തന്റെ സേവനാനുകൂല്യങ്ങൾ നല്കണമെന്നപേക്ഷിച്ച് ടിയാന്റെ മാതാവ് ശ്രീമതി ജി. ആനന്ദവല്ലി സമർപ്പിച്ച അപേക്ഷയിന്മേൽ വിശദമായ റിപ്പോർട്ട് നല്കുവാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പോലീസ് അന്വേഷണം സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ലാതിരുന്നതിനാൽ ടിയാന്റെ തിരോധാനം സംബന്ധിച്ച് നടന്ന പോലീസ് അന്വേഷണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ശ്രീമതി. ജി. ആനന്ദവല്ലിയ്ക്ക് ടിയാന്റെ സർവ്വീസ് ആനുകൂല്യങ്ങൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായിരുന്ന ശ്രീ. ജി. രത്തനെ 1996 മുതൽ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നതിനെ തുടർന്ന് 09.07.1996-ലെ ഡി5-19253/1996 നമ്പർ |

ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. തുടർന്ന് ടി വിഷയത്തിൽ കുറ്റപത്രം നൽകി അച്ചടക്കനടപടി ആരംഭിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 18.04.2006-ലെ ഡി5-19253/1996 നമ്പർ നടപടിക്രമം പ്രകാരം 07.06.1996 തീയതി പ്രാബല്യത്തിൽ ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവായിരുന്നു. ഈ ഉത്തരവിനെതിരെ ശ്രീമതി. ജി. ആനന്ദവല്ലി സർക്കാർ മുമ്പാകെ സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടറുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കി ചട്ടപ്രകാരം പരിശോധിച്ച് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

---

**സെക്ഷൻ ഓഫീസർ**